പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4994

24.07.2015 -ലെ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ എസ്റ്റേറ്റ് പാടികൾ വാസയോഗ്യമാക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിലെ തോട്ടം മേഖലയിലെ എസ്റ്റേറ്റ് പാടികളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;<br><br>(ബി) വർഷങ്ങളായി പ്രസ്തുത പാടികളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം അവ വാസയോഗ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിലെ തോട്ടങ്ങൾ കൽപ്പറ്റ, മാനന്തവാടി ഇൻസ്പെക്ടർമാർ പരിശോധന നടത്തി. കൽപ്പറ്റ പ്ലാന്റേഷൻസ് ഇൻസ്പെക്ടറുടെ അധികാര പരിധിയിലുള്ള ഹാരിസൺ മലയാളം ലിമിറ്റഡിന്റെ അരപ്പറ്റ എസ്റ്റേറ്റിലെ എൻ.സി., നെടുങ്കരണ എന്നീ ഡിവിഷനുകളിലെ പാടികൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്നും, ആയതിനാൽ അവ ഉടൻ റിപ്പയർ ചെയ്യാൻ തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും, ടി എസ്റ്റേറ്റിലെ ടി ഡിവിഷനുകൾ അറ്റകുറ്റപ്പണി നടത്തുകയും ചെയ്തു എന്ന് കൽപ്പറ്റ പ്ലാന്റേഷൻസ് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. മറ്റ് എസ്റ്റേറ്റുകളിൽ ഉടൻ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്നും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>മാനന്തവാടി പ്ലാന്റേഷൻസ് ഇൻസ്പെക്ടർ പാടികൾ ഉള്ള തോട്ടങ്ങളിൽ, തോട്ടം പരിശോധനാ വേളയിൽ സന്ദർശിക്കുകയും, സ്വന്തമായി വീടു വച്ചു താമസിച്ച തൊഴിലാളികളുടെ പാടികൾ ഒഴികെ മിക്ക പാടികളും വാസയോഗ്യമാണെന്നും, ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തിവരുന്നതായും അറിയിച്ചു. വാസയോഗ്യമല്ലാത്ത ഏതാനും പാടികൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് മാനേജ്മെന്റിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പാടികൾ വാസയോഗ്യമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) തോട്ടങ്ങളിൽ പരിശോധന നടത്തി ലയങ്ങളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ബോധ്യപ്പെട്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ എടുക്കാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ എന്ന് വീണ്ടും പരിശോധന നടത്തുന്നതിന് പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sreekala

സെക്ഷൻ ഓഫീസർ